# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 11, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) നെൽക്കൃഷി വികസനം

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിൽ നെൽപ്പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നതിനാൽ കൃഷിസ്ഥലങ്ങളുടെ വിസ്തൃതിയും നെല്ലുല്പാദനവും ഗണ്യമായി കുറഞ്ഞുവരുന്നു. ഈ നില തുടർന്നാൽ കേരളം അതിരൂക്ഷമായ ഭക്ഷ്യ പ്രതിസന്ധി നേരിടേണ്ടിവരും. പട്ടിണി മരണത്തിനും ഇടയാകും. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉല്പാദനച്ചെലവും വളരെയധികം വർദ്ധിച്ചു. അതിനനുസരിച്ച് വില കൂടുന്നില്ല. ഇതിന്റെ ഫലമായി നെൽക്കൃഷിക്കാർ ഇന്ന് ആത്മഹത്യയുടെ വക്കിലെത്തി യിരിക്കുന്നു. ജലത്തിന്റെ ദൗർലഭ്യവും ഇടവിളയായി തെങ്ങു കൃഷി ചെയ്യുന്നതും നെൽകൃഷിയെ ബാധിക്കുന്നു. ഇതു പരിഹരിക്കുന്നതിനും ഉല്പാദന വർദ്ധനവിനും നെല്ലിന് വർദ്ധിച്ച വില ലഭിക്കുന്ന തിനും ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഉല്പാദിപ്പിക്കുന്ന നെല്ല് വിപണിയിൽ വില്ക്കുന്നില്ല. കടാശ്വാസ നിയമത്തിന്റെ പ്രയോജനം

നെൽക്കൃഷിക്കാർക്ക് ലഭിച്ചിട്ടില്ല. ഇപ്പോൾ സംഭരണസംഘങ്ങൾ ആകെ പ്രതിസന്ധിയിലാണ്. പാടശേഖര വികസന സമിതി

രാഷ്ട്രീയ പരിഗണനവച്ച് പ്രവർത്തിക്കുന്നു. കൺസ്യൂമർ ഫെഡറേഷനും സിവിൾ സപ്ലൈസ് കോർപ്പറേഷനും നെല്ല് സംഭരിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആലത്തൂരിലെയും തകഴിയിലെയും രണ്ട് മില്ലുകളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. അവ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഗുണനിലവാരമുള്ള വിത്തും വളവും സൗജന്യമായി നല്കാനുള്ള സംവിധാനമുണ്ടാകണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : കാർഷികരംഗം ഇന്ന് അതിരൂക്ഷമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കാലാകാലങ്ങളിൽ വരേണ്ടതായിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് നെൽകൃഷി മേഖലയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. വൈദ്യുതി ചാർജ്, വളത്തിന്റെ വില എന്നിവ വർദ്ധിച്ചു. കൃഷിച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് നെല്ലിന് വില വർദ്ധനവുണ്ടാകുന്നില്ല. പഴയതുപോലെ കൃഷി ചെയ്യാൻ അറിയാവുന്ന കർഷകത്തൊഴിലാളികൾ വളരെ വിരളമാണ്. കർഷകത്തൊഴിലാളികൾക്ക് കൂലി വളരെ കൂടുതലാണ്. അതിനനുസരിച്ച് കർഷകന് വരുമാനം വർദ്ധിക്കുന്നില്ല. അന്യ സംസ്ഥാനങ്ങളിലെ മാറ്റങ്ങൾ ഉൾക്കൊള്ളാനും നമുക്ക് കഴിയുന്നില്ല. നെൽകൃഷിയുടെ അടിസ്ഥാന സൗകര്യത്തിനുവേണ്ടി ബഡ്ജറ്റിൽ ഉൽക്കൊള്ളി ച്ചിരിക്കുന്നത് 4123.80 ലക്ഷം രൂപയാണ്. ഗ്രൂപ്പടിസ്ഥാനത്തിൽ നെൽക്കൃഷി പ്രോൽസാഹിപ്പി ക്കുന്നതിന് 1000 ലക്ഷം രൂപയും സംയോജിത വളപ്രയോഗത്തിന് 50 ലക്ഷം രൂപയും സംയോജിത കീടനാശിനിക്ക് 100 ലക്ഷം രൂപയും കാർഷിക യന്ത്രവൽക്കരണത്തിന് 100 ലക്ഷം രൂപയും നെല്ല് സംഭരണത്തിന് 300 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. s\ൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതും യന്ത്രവൽക്കരണം യഥാസമയം നടപ്പിലാക്കാതിരുന്നതും അശാസ്ത്രീയമായ കൃഷിരീതികളുമൊക്കെ നെൽകൃഷി തകരുന്നതിനിടയാക്കി. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് കർഷകരുടെ സഹായത്തോടു കൂടി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തി നെൽക്കൃഷിവികസനത്തിനുവേണ്ടി ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്. ഇറിഗേഷൻ സംബന്ധമായ പ്രശ്നങ്ങൾ ബന്ധപ്പട്ട മന്ത്രിയുമായി ചർച്ച നടത്തി പരിഹരിക്കും. നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ കക്ഷികളേയും ഉൾപ്പെടുത്തി പഞ്ചായത്ത് ലവലിലുള്ള കർഷകസമിതികൾ പുന:സംഘടിപ്പിക്കും. റൈസ്മില്ലുകൾക്ക് വർഷം മുഴുവൻ നെല്ല് കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവ എങ്ങനെ പ്രവർത്തിപ്പിക്കാമെന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു പുനർചിന്തനം നടത്തുന്നതാണ്.

(2) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. സി. മമ്മൂട്ടി: അത്യാവശ്യത്തിന് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നു വായ്പയെടുക്കുന്ന സാധാരണക്കാർ കബളിപ്പിക്കലിനും ചൂഷണത്തിനും വിധേയരായി ആത്മഹത്യ ചെയ്യുന്ന അവസ്ഥ സംസ്ഥാനത്ത് ധാരാളമായുണ്ടായിരിക്കുകയാണ്. വീടും പറമ്പും

പണയപ്പെടുത്തി വായ്പ എടുക്കുന്നവർക്ക് എടുത്ത തുകയുടെ അഞ്ചും ആറും ഇരട്ടി വരെ തിരിച്ചടയ്ക്കേണ്ടിവരുന്നു. അങ്ങനെ അടയ്ക്കാൻ കഴിയാത്തവർക്ക് പണയവസ്തു നഷ്ടമാകുന്നു. സ്വകാര്യ പണമിടപാടു
കാരിൽ നിന്നും വായ്പയെടുത്തു വാഹനം വാങ്ങുന്നവർ തവണ തിരിച്ചടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ യാതൊരു നോട്ടീസും നൽകാതെ കാലാവധി തീരുന്നതിനുമുമ്പുതന്നെ ഗുണ്ടകളെ ഉപയോഗിച്ചു വാഹനം പിടിച്ചെടുത്തു അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നു. സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നവർ ബ്ലാങ്ക് ചെക്ക് വാങ്ങിക്കുന്നതും അവ യഥേഷ്ടം ദുരുപയോഗം ചെയ്യുന്നതും കർശനമായി നിരോധിക്കുന്നതോടൊപ്പം ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കർക്കശമായ നിയന്ത്രണങ്ങൾ കൊണ്ടുവരികയും വേണം.

മുഖ്യമന്ത്രി (ശ്രീ.എ.കെ. ആന്റണി): കേരളത്തിൽ സമീപകാലത്തായി വളർന്നു വരുന്ന ഒരു ക്രിമിനൽ പ്രവർത്തനത്തെക്കുറിച്ചാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. സ്വകാര്യ പണമിടപാടുകാരുമായി ബന്ധപ്പെട്ട് വാഹനങ്ങളും വിവിധയിനം ഉപകരണങ്ങളും കടം വാങ്ങുന്നവർ തിരിച്ചടവിൽ വീഴ്ച വരുത്തുമ്പോഴും ചില സന്ദർഭങ്ങളിൽ കുടിശ്ശികയില്ലെങ്കിൽത്തന്നെയും ഗുണ്ടാസെറ്റുകളെ ഉപയോഗിച്ച് ഈ വാഹനങ്ങളും ഉപകരണങ്ങളും പിടിച്ചെടുത്തു കൊണ്ടുപോകുന്ന പ്രവണത വലിയതോതിൽ വർദ്ധിച്ചുവരികയാണ്. ഇത്തരത്തിൽ സ്വകാര്യപണമിടപാടുകാർ വളർത്തിയെടുക്കുന്ന ക്രിമിനലുകളായ പ്രൊഫഷണൽ വാഹനപിടുത്തക്കാരാണ് വാഹന മോഷണങ്ങളിൽ ഏർപ്പെടുന്നതെന്ന് പരിശോധനകളിൽനിന്നു വ്യക്തമായിട്ടുണ്ട്. അമിത പലിശയ്ക്ക് കടം കൊടുത്തശേഷം ആളുകളെ ഭയപ്പെടുത്തി അവയെല്ലാം ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി പരിശോധിക്കുന്നതോടൊപ്പം ന്യായമായ വ്യവസ്ഥകളനുസരിച്ച് ആവശ്യക്കാർക്ക് പണം കടം കൊടുക്കുന്നവർക്ക് മതിയായ സുരക്ഷിതത്വം നൽകാനും ശ്രദ്ധിക്കുന്നതുമാണ്.

## സബ്മിഷൻ

(1) സ്കൂൾ കുട്ടികൾക്ക് വിഷബാധ

ശ്രീ. മത്തായി ചാക്കോ: വയനാട് ജില്ലയിലെ കോട്ടത്തറ കരിഞ്ഞകുന്നു ഗവൺമെന്റ് യു.പി.സ്കൂളിലെ 31 കുട്ടികൾ ഓർഗാനോ ഫോസ്ഫറസ് എന്ന കീടനാശിനി ശ്വസിച്ച് കല്പറ്റ ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്. മദ്രസ കൂടി പ്രവർത്തിക്കുന്ന ഈ സ്കൂളിന് തൊട്ടടുത്തുള്ള സ്വകാര്യ വാഴത്തോട്ടത്തിൽ തളിച്ച കീടനാശിനി ശ്വസിച്ചതിനെത്തുടർന്ന് ശ്വാസതടസ്സം, ഛർദ്ദി, വയറുവേദന തുടങ്ങിയ രോഗലക്ഷണങ്ങളുമായിട്ടാണ് കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മാരക രാസപദാർത്ഥങ്ങൾ അടങ്ങിയ ഈ കീടനാശിനിയുടെ ഉപയോഗം പൊല്യൂഷൻ കൺട്രോൾ ആക്ടിലെ എയർ പൊല്യൂഷനുമായി ബന്ധപ്പെട്ട വകുപ്പുകൾ ഇവോക്ക് ചെയ്തു നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അടിയന്തിരമായി ഒരു മെഡിക്കൽസംഘത്തെ സംഭവ സ്ഥലത്തേക്ക് അയയ്ക്കുന്നതിനും വാഴത്തോട്ടമുടമയ്ക്കെതിരെ കേസെടുക്കുന്നതിനും തയ്യാറാകണം.

കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): ഓർഗാനോ ഫോസ്ഫറസ് എന്ന കീടനാശിനി ശ്വസിച്ച കോട്ടത്തറ കരിഞ്ഞകുന്നു ഗവൺമെന്റ് യു.പി.സ്കൂളിലെ 31 കുട്ടികളെ മനംപുരട്ടലും ഛർദ്ദിയും അനുഭവപ്പെട്ടതിനെത്തുടർന്ന് കല്പറ്റ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടേയും നില ഗുരുതരമല്ല. സ്കൂളിന് തൊട്ടടുത്തുള്ള സ്വകാര്യ വാഴത്തോട്ടത്തിൽ തളിച്ച കീടനാശിനിയാണ് ദുരന്തകാരണമായത്. തോട്ടമുടമയ്ക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ച് കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ചുവരുന്നു.

(2) കാസർഗോഡ് ഫിഷിംഗ് ഹാർബർ

ശ്രീ .സി.ടി. അഹമ്മദ് അലി: 1996-ൽ സർക്കാരിന് സമർപ്പിച്ച കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ടിന് എത്രയും വേഗം അംഗീകാരം നല്കി പണി ആരംഭിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്) കാസർഗോഡ് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതു സംബന്ധിച്ച് മാതൃകാപഠനം നടത്തുന്നതിനുവേണ്ടി പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനെ ഏൽപ്പിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭിച്ചശേഷം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി 50:50 സ്കീമിൽ ഈ പദ്ധതി നടപ്പിലാക്കും.

(3) മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിലേയ്ക്ക് ഇടക്കാല തെരഞ്ഞെടുപ്പ്

ശ്രീ. ടി.കെ. ബാലൻ: കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി 2002 സെപ്റ്റംബർ 9-ന് അവസാനിക്കുകയാണ്. 2001-ലെ സെൻസസ് പ്രകാരം ഈ കൗൺസിലിലെ വാർഡുകളുടെ എണ്ണം 29 ആണെന്നുള്ള കണക്കാണ് സർക്കാർ ഇലക്ഷൻ കമ്മിഷന് നൽകിയത്. അത് ഔദ്യോഗികമായി അംഗീകരിക്കാൻ സാദ്ധ്യമല്ലെന്ന് ഇലക്ഷൻ കമ്മിഷൻ സർക്കാരിനെ അറിയിച്ചെങ്കിലും ഇതുസംബന്ധിച്ചുള്ള സർക്കാർ തീരുമാനം അവരെ അറിയിക്കാത്തതുകൊണ്ട് ഇലക്ഷൻ സംബന്ധമായ പ്രാഥമിക നടപടികൾപോലും തുടങ്ങാൻ സാധിക്കുന്നില്ല. കാലാവധി തീരുന്ന മുറയ്ക്ക് പുതിയ കൗൺസിൽ നിലവിൽ വരുന്നതിന് എത്രയും വേഗം ഇതുസംബന്ധിച്ച് തീരുമാനമെടുത്ത് ഇലക്ഷൻ കമ്മിഷനെ അറിയിക്കാൻ സർക്കാർ തയ്യാറാകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): 2-9-2002-ൽ നിലവിലുള്ള മട്ടന്നൂർ നഗരസഭാ കൗൺസിലിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തണ മെന്നാണ് സർക്കാരിന്റെ നിലപാട്. തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കേണ്ടതുണ്ടോ എന്നുള്ള കാര്യം സംസ്ഥാന ഇലക്ഷൻ കമ്മീഷനാണ് തീരുമാനിക്കേണ്ടത്.

(4) വർക്കല ഗവൺമെന്റാശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച്

<u>ശ്രീ. വർക്കല കഹാർ</u> : വിനോദസഞ്ചാരപ്രാധാന്യമുള്ളതും മൽസ്യത്തൊഴിലാളികളും കയർ ത്തൊഴിലാളികളും ഉൾപ്പെടെ ലക്ഷക്കണക്കിന് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ വർക്കലയിലുള്ള ഗവൺമെന്റാശുപത്രി ഒരു താലൂക്കാശുപത്രിയായി ഉയർത്തി ചികിൽസാസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

ആരോഗ്യവകുപ്പുമന്ത്രി <u>(ശ്രീ. പി. ശങ്കരൻ)</u> വർക്കല ഗവൺമെന്റാശുപത്രിയിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് 41 തസ്തികകൾ അധികമായി സൃഷ്ടി ക്കേണ്ടി വരും. അതോടൊപ്പം കിടക്കകളുടെ എണ്ണവും 150 ആയി ഉയർത്തണം. ഇതിനാവശ്യമായ കെട്ടിടനിർമ്മാണവും വേണ്ടിവരും. സാമ്പത്തിക പരിമിതി കണക്കിലെടുത്ത് ഇത് നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. റീ-ഡിപ്ളോയ്മെന്റിലൂടെ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(5) <u>പെരുമ്പാവൂരിലും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന വൈദ്യുതിപ്രശ്നം</u>

<u>ശ്രീ. സാജു പോൾ</u>: മുടിക്കൽ 66 കെ.വി. സബ് സ്റ്റേഷനോടനുബന്ധിച്ച് പൂർത്തിയാക്കിയ 110 കെ.വി. സബ് സ്റ്റേഷൻ കമ്മിഷൻ ചെയ്തും നിർദ്ദിഷ്ട കുറുപ്പുംപടി, ഓടക്കാലി, വെങ്ങോല, കൂവപ്പടി സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കിയും പെരുമ്പാവൂരിലും സമീപപ്രദേശങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതിപ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി <u>(ശ്രീ. കടവൂർ ശിവദാസൻ)</u>: പെരുമ്പാവൂരിലെ മുടിക്കൽ 66 കെ.വി. സബ് സ്റ്റേഷനിലെ 11 കെ.വി. പ്ളാന്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ നടത്തുന്നുണ്ട്. ഈ സബ് സ്റ്റേഷനോടനുബന്ധിച്ച് പണിയുന്ന 110, 33 കെ.വി. സബ് സ്റ്റേഷനുകളുടെ പണി 98 ശതമാനവും പൂർത്തിയായിട്ടുണ്ട്. കുറുപ്പുംപടി 33 കെ.വി. സബ് സ്റ്റേഷന്റേയും മുടിക്കൽ, കൂവപ്പടി 33 കെ.വി. സബ് സ്റ്റേഷനുകളുടേയും പണികൾ 90 ശതമാനം പൂർത്തിയായിട്ടുണ്ട്. വെങ്ങോല സബ് സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങാനാകും. ഈ ജോലികൾ പൂർത്തിയാകുന്നതോടുകൂടി പെരുമ്പാവൂരിലെ വൈദ്യുതിപ്രശ്നത്തിന് പരിഹാര മുണ്ടാകും.

(6) <u>വർക്കല-പാരിപ്പള്ളി-മടത്തറ-കുറ്റാലം റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> വളരെയേറെ വിനോദസഞ്ചാരപ്രാധാന്യമർഹിക്കുന്ന വർക്കല-പാരിപ്പള്ളി-മടത്തറ-കുറ്റാലം റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിച്ച് തുടർനടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. എം.കെ. മുനീർ)</u>: വർക്കല-പാരിപ്പള്ളി-മടത്തറ-കുറ്റാലം റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുന്നതു

സംബന്ധിച്ച് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ വളരെ ഗൗരവമായി പരിഗണിക്കും.

(7) ടെക്സ്റ്റൈൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി.വി. ചന്ദ്രമോഹൻ: കേരളത്തിലെ ടെക്സ്റ്റയിൽ മേഖലയിലെ അടച്ചുപൂട്ടൽ ഭീഷണിയിൽനിന്ന് തൊഴിലാളികളെ രക്ഷിക്കണം. ഐ.ആർ.സി. കമ്മിറ്റിയും ഡയറക്ടർ ബോർഡുകളും പുന:സംഘടിപ്പിച്ചും സാമ്പത്തികസഹായം നൽകിയും ടെക്സ്റ്റയിൽ മേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): നൂലിന്റെ വിലക്കുറവും ഉല്പാദനച്ചെലവിലും ഇലക്ട്രിസിറ്റി ചാർജിലും ട്രാൻസ്പോർട്ട് ചാർജിലും ഉണ്ടായിട്ടുള്ള വർദ്ധനവുംമൂലം ടെക്സ് ടൈൽ മില്ലുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ പ്രതിസന്ധിയെ നേരിടുകയാണ്. എല്ലാ മില്ലുകളും നഷ്ടത്തിലാണ്. സാമ്പത്തികസഹായം നൽകി അവ പുനരുദ്ധരിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. ഈയാഴ്ച തന്നെ ഐ.ആർ.സി. പുനഃസംഘടിപ്പിക്കുന്നതാണ്. അതുവരെ നിലവിലുള്ള ഐ.ആർ.സി. തുടരും.

(1) ചന്ദ്രശേഖരൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ.പി. രാജേന്ദ്രൻ: മതികെട്ടാൻ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിനായി നിയോഗിച്ച് ചന്ദ്രശേഖരൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ജൂലായ് ൮-ാം തീയതി ഒരു ഉപചോദ്യത്തിന് മറുപടി നൽകിയിരുന്നുവെങ്കിലും ഈ നിമിഷം വരെ ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാതെ അത് പരിശോധിക്കാനുള്ള അവസരം നിഷേധിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ: അതിനെക്കുറിച്ച് അന്വേഷിക്കാം.

(2) ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 'ഇ' ഗവണൻസിന്റെ ഈ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്നുതന്നെ എടുത്ത് കൊടുക്കാവുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ യഥാസമയം കിട്ടുന്നില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):അൺസ്റ്റാർഡ് ക്വസ്റ്റ്യനാണെങ്കിലും അതിന്റെ ഡീറ്റെയിൽസ് മുഴുവൻ കിട്ടാതെ മറുപടി കൊടുക്കാൻ കഴിയില്ല. ഡീറ്റെയിൽസ് കിട്ടിയാൽ തീർച്ചയായും കൊടുക്കും.

(3) നിയമസഭാ നടപടികളുടെ പ്രസിദ്ധീകരണം

ശ്രീ. എം.വി. ജയരാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയിട്ടുള്ള പ്രസംഗങ്ങളെല്ലാംകൂടി അച്ചടിച്ച് പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് നിയമസഭാ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

മി. സ്പീക്കർ: ഇവിടെ പ്രസംഗിച്ചുകഴിഞ്ഞാൽ അതു പബ്ളിക് ഡോക്യുമെന്റാകുമെന്നതിനാൽ നടപടിക്രമങ്ങൾ പത്രക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്പീക്കർ എക്സ്പഞ്ച് ചെയ്യുന്നതൊഴിച്ച് പ്രസിദ്ധീകരിക്കാം. പിന്നെ അതിന് രഹസ്യ സ്വഭാവമില്ല.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിച്ചു.

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## ധനകാര്യം

2002-2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX – വാഹന നികുതികൾ
(9,88,13,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI – ഗതാഗതം
(35,43,31,000 രൂപ)

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(4,51, 88,99,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം
( 66,66,67,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u>: വാഹന നികുതികൾ എന്ന IX –ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII –ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX –ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI –ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ കെ.പി. മോഹനൻ, ടി.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ.കെ. ബാലൻ, വി.കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ.വി. കുഞ്ഞിരാമൻ, കെ.കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, വി.കെ.സി. മമ്മത് കോയ, പിരപ്പൻകോട് മുരളി, കെ. രാധാകൃഷ്ണൻ, ടി.പി. രാമകൃഷ്ണൻ, കെ.പി. സതീശ് ചന്ദ്രൻ, സാജു പോൾ, മഞ്ഞളാംകുഴി അലി, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, കെ.പി. രാജേന്ദ്രൻ, എൻ. രാജൻ, പി.എസ്. സുപാൽ, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, വി.സി. കബീർ, എം. കുമാരൻ, ഡോ.തോമസ് ഐസക് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. എൻ. രാജൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ വകുപ്പ്, അഴിമതി, കെടുകാര്യസ്ഥത, ബാഹ്യശക്തികളുടെ ഇടപെടൽ എന്നീ കാരണങ്ങളാൽ ഇന്ന് അനാരോഗ്യ വകുപ്പായി മാറിയിരിക്കുന്നു. *കുടുംബ*ക്ഷേമ ഉപകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും മരുന്നുമില്ലാത്ത സ്ഥിതിയാണ്. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരെ കോഴ വാങ്ങി ഈ വകുപ്പിൽ നിയമിക്കുന്നത് അവസാനിപ്പിക്കണം. നിയമന നിരോധനം നിലവിലുള്ളപ്പോൾ ലാബുകളിലും മറ്റും നടക്കുന്ന ടെക്നിക്കൽ സ്റ്റാഫിന്റെ പിൻവാതിലിലൂടെയുള്ള നിയമനം തടയണം. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ് നിറുത്തലാക്കുന്ന നടപടി ഗവൺമെന്റ് ഉപേക്ഷിക്കണം. കെ.എസ്.ആർ.ടി.സി.യിൽ ഉന്നത സ്ഥാനങ്ങളിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് അവസാനിപ്പിക്കാൻ നടപടിയുണ്ടാകണം. മോട്ടോർ വാഹന വകുപ്പ് അഴിമതിയുടേയും കൈക്കൂലിയുടേയും വകുപ്പായി മാറിക്കൊണ്ടിരിക്കുന്നു. ഈ വകുപ്പിൽ ബാഹ്യശക്തികളുടെ ഇടപെടൽ അവസാനിപ്പിക്കണം. ഉദ്യോഗസ്ഥന്മാരെക്കൊണ്ട് പാർട്ടി ഫണ്ട് പിരിക്കുന്ന നടപടിയിൽനിന്നും ഗവൺമെന്റ് പിന്മാറണം.ബാഹ്യശക്തികളുടെ ഇടപെടൽമൂലം കെ. എസ്. ആർ. ടി. സി. നിരവധി ആക്ഷേപങ്ങൾക്ക് വിധേയമായിട്ടുണ്ട്. എം. സി. റോഡിലൂടെ ഓപ്പറേറ്റ് ചെയ്യേണ്ട പല ഷെഡ്യൂളുകളും വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നതിനാൽ ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നു. അതിന് പരിഹാരം കാണണം.

<u>ശ്രീ. വി. ജെ. പൗലോസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ പരിപാലന രംഗത്ത് ദേശീയ നിലവാരത്തിൽ കേരളം മുൻപന്തിയിലാണെങ്കിലും വളരെ പരിതാപകരമായ സ്ഥിതിയാണ് ഈ രംഗത്ത് നിലനിൽക്കുന്നത്. സ്വാശ്രയ മേഖലയിലും സ്വകാര്യ മേഖലയിലും മെഡിക്കൽ കോളേജുകളും ഡെന്റൽ കോളേജുകളും ബി. എസ്. സി./നഴ്സിംഗ് കോഴ്സ് ഉൾപ്പെടെ പാരാ മെഡിക്കൽ കോഴ്സുകളും അനുവദിക്കുമ്പോൾ ഒരു അഴിമതി ആരോപണത്തിനുപോലും

ഇടനൽകാതെ ആരോഗ്യ പരിപാലന രംഗം മുന്നേറുന്നു. മെഡിക്കൽ കോളേജുകളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രി കളുടെയും സ്ഥിതി ശോചനീയമാണ്. പ്രൈമറി – കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള 1281 ആശുപത്രികളിലായി 41979 കിടക്കകളുണ്ടെങ്കിലും പല ആശുപത്രികളിലും ഡോക്ടർമാരില്ല എന്ന കാരണത്താൽ കിടത്തി ചികിത്സിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പല ഗ്രാമീണ ആശുപത്രികളിലും ഐ. പി. വിഭാഗം പ്രവർത്തിക്കുന്നില്ല. ഗ്രാമീണ മേഖലയിൽ സേവന മനുഷ്ഠിക്കാൻ ഡോക്ടർമാർ തയ്യാറല്ല. അതിനാൽ ഡോക്ടർമാർക്ക് ആദ്യ നിയമനം ഗ്രാമീണ മേഖലയിൽ നൽകുകയും 5 വർഷം അവിടെ ജോലി ചെയ്തിരിക്കണമെന്ന നിബന്ധന കൊണ്ടുവരികയും വേണം. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ കെ. എസ്. ആർ. ടി. സി. വളരെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കെ. എസ്. ആർ. ടി. സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കർണ്ണാടക മോഡൽ പരീക്ഷിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. കെ. പി. സതീശ് ചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ വകുപ്പിൽ അത്യാവശ്യ ഉപകരണങ്ങളും മരുന്നും ഡോക്ടർമാരുമില്ലാത്ത അവസ്ഥയാണുള്ളത്. പൊതുജനാ രോഗ്യ സംവിധാനത്തിലൂടെ കേരളം വർഷങ്ങളായി നേടിയെടുത്ത നേട്ടങ്ങളെയാകെ തകർക്കുന്ന രീതിയിലുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും കൂത്തരങ്ങായി ഈ വകുപ്പ് മാറിയിരിക്കുന്നു. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നടന്ന പാർട്ട്–ടൈം സ്വീപ്പർ നിയമനത്തിൽ ഇന്റർവ്യൂ ബോർഡിൽ കോൺഗ്രസുകാരെ തിരുകിക്കയറ്റി ബന്ധുക്കളേയും പാർശ്വവർത്തികളേയും നിയമിക്കാനും അഴിമതി നടത്താനുമാണ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് നിയമവിരുദ്ധമാണ്. ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ആരോഗ്യ വകുപ്പ് രക്ഷപ്പെടണമെങ്കിൽ കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്താനുള്ളനടപടികൾ സ്വീകരിക്കണം. ഗതാഗത വകുപ്പിലും സ്വകാര്യവൽക്കരണത്തിന്റേയും അഴിമതിയുടേയും ഗന്ധം ആഞ്ഞടിക്കുക യാണ്. ഗതാഗതവകുപ്പും പ്രതിസന്ധിയെ നേരിടുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി ഒരൊറ്റ ബസും വാങ്ങിയിട്ടില്ല. കെ. എസ്. ആർ. ടി. സി. യെ ഫ്രീസ് ചെയ്ത് നശിപ്പി ക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ആർ. ടി. ഒ. ഓഫീസിൽ ഏജന്റുമാരെ ഒഴിവാക്കി ആർ. ടി. ഒ. തന്നെ ഏജന്റായി മാറിയതിന്റെ ഫലമായി കൈക്കൂലി കേസ്സിൽ പിടികൂടി അറസ്റ്റുചെയ്തിട്ട് അദ്ദേഹത്തെ സസ്പെന്റ് ചെയ്യുന്നതിനുപകരം തിരുവനന്തപുരത്തെ സ്പെഷ്യൽ ആ. ർ. ടി. ഒ. ആയി നിയമിക്കുകയാണ് ചെയ്തത്. കുറ്റക്കാരെ ശിക്ഷിക്കുന്നതിനുപകരം അവരെ സംരക്ഷിക്കുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുപോലെ തന്നെ സ്ഥലം മാറ്റത്തിന്റെ കാര്യ ത്തിലും കൈക്കൂലി വാങ്ങുന്ന അവസ്ഥയാണുള്ളത്.

<u>ശ്രീ. പി. കെ. കെ. ബാവ</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആരോഗ്യം, ഗതാഗതം എന്നീ ഡിമാന്റുകളുമായി ബന്ധപ്പെട്ട വകുപ്പുകൾ ജനങ്ങളുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതിനാൽ രാഷ്ട്രീയത്തിനതീതമായി കാണണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ. എസ്. ആർ. ടി. സി. യിൽ ജനങ്ങൾക്ക് പ്രതീക്ഷയുണ്ടായിരുന്നില്ല. ജനങ്ങൾക്കുപയുക്തമാക്കുമെന്ന ദൃഢനിശ്ചയവുമായി

ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ആരോഗ്യ പരിപാലന രംഗത്ത് നമ്മുടെ സംസ്ഥാനം വളരെ മുമ്പിലാണെങ്കിലും ഇന്നുള്ള സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത സാംക്രമിക രോഗങ്ങൾ വീണ്ടും വന്നുകൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിൽ മെനഞ്ചൈറ്റിസ് എന്ന രോഗം പിടിപെട്ട് ഒരാൾ മരണപ്പെടുകയുണ്ടായി. തീരപ്രദേശങ്ങളിൽ പകർച്ച വ്യാധികൾ വ്യാപകമായിരിക്കുന്നു. ഇവ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ആരോഗ്യമേഖലയിൽ ഇന്നുള്ള സംവിധാനങ്ങൾ പരിമിതവും അപര്യാപ്തവുമാണ്. പല ആശുപത്രികൾക്കും ആവശ്യമായ കെട്ടിടം, ഡോക്ടർമാർ, മരുന്ന്, ഫർണിച്ചർ എന്നിവയില്ല. രാഷ്ട്രീയ അതിപ്രസരംമൂലം ആരോഗ്യ മേഖലയെക്കുറിച്ച് വലിയ തെറ്റിദ്ധാരണ ഉണ്ടാകുന്നു. സർക്കാർ ആശുപത്രികളുടേയും മെഡിക്കൽ കോളേജുകളുടേയും വിശ്വാസ്യത ഉറപ്പുവരുത്തണം. സ്വകാര്യ മേഖല ഈ രംഗത്ത് പ്രശംസനീയമായ സേവനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതേ സമയം രോഗികൾ ചൂഷണം ചെയ്യപ്പെടുന്നു. സർക്കാർ ആശുപത്രികളെ തകർക്കുന്നതിനും വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതിനും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഏജന്റുമാർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നില ഉറപ്പിച്ചതിനുശേഷം രോഗികളെ പിന്തിരിപ്പിച്ചു കൊണ്ടുപോകാനുള്ള ശ്രമം നടത്തിവരികയാണ്. അതുകൊണ്ട് ജനങ്ങളെ സർക്കാർ ആശുപത്രി കളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടേയും ജനപ്രതിനിധികളുടേയും മറ്റും സഹകരണത്തോടുകൂടി മലപ്പുറം ജില്ലാ ആശുപത്രിയിൽ ലഭ്യമാക്കിയ ചികിത്സാ സൗകര്യത്തിന്റെ മാതൃക മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കണം. തൃശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. തൃശൂർ ടൗണിൽ പ്രവർത്തിക്കുന്ന ഒ. പി. വിഭാഗമുൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റു കൾ മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. കോഴിക്കോട് റഫറൽ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും അടിയന്തിരമായി ഏർപ്പെടുത്തണം. സംസ്ഥാന തലത്തിൽ സമഗ്രമായ ഒരു ആരോഗ്യ നയം ആവിഷ്ക്കരിക്കണം. ഗുരുവായൂരിൽ കെ. എസ്. ആർ. ടി. സി. അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കണം. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഗുരുവായൂരിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. എറണാകുളത്തെ റൂട്ട് നാഷണലൈസേഷൻ നടപടി പുനഃപരിശോധിക്കണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നശിച്ചുകൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.-യെ ഈ നിലയിൽ വളർത്തിക്കൊണ്ടുവരാനും നിലനില്ക്കുന്ന ഒരു സഥാപനമായി മാറ്റിയെടുക്കാനും കഴിഞ്ഞ ഒരുവർഷം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. 15 കോടിരൂപയിലധികം നഷ്ടത്തിലായിരുന്ന ആ സ്ഥാപനത്തെ വളരെ അച്ചടക്കത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുടെ ഫലമായി നഷ്ടം 5 കോടി രൂപയാക്കി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് യാത്രാക്ളേശം പരിഹരിക്കുന്നതിനുവേണ്ടി ടൗൺ ടു ടൗൺ സർവ്വീസും മിനി ബസ് സർവ്വീസുകളും രാത്രികാല യാത്രാദുരിതം പരിഹരിക്കാൻ നിശാസർവ്വീസുകളും ആരംഭിച്ചത് സ്വാഗതാർഹമാണ്. കംപ്യൂട്ടർവൽക്കരണം അടക്കമുള്ള

നടപടികളുമായി മുന്നോട്ടുപോകുന്നതുകൊണ്ട് ആർ.ടി.ഒ. ഓഫീസുകളിലെ അഴിമതികൾ ഒരു പരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ മിഡിൽ മാനേജ്മെന്റ് ശക്തിപ്പെടുത്തണം. എ.ടി.ഒ, ഡി.ടി.ഒ തസ്തികകളിലേയ്ക്ക് യോഗ്യതയുള്ളവരെ നേരിട്ട് നിയമിക്കണം. കെട്ടിക്കിടന്നിരുന്ന ഫയലുകളിൽമേൽ അദാലത്ത് മുഖേന തീർപ്പു കല്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്യാരേജുകളിലെ മോഷണം തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. വിജിലൻസ് സംവിധാനം ഫലപ്രദമാക്കണം. ധൂർത്തും ഡെഡ് മൈലേജും ഒഴിവാക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ആശുപത്രികളിൽ ശുചിത്വ പരിപാലനം കർക്കശമായി നടപ്പിലാക്കണം. ആശുപത്രികളിലെ ഭരണപരമായ കാര്യങ്ങളുടെ ചുമതല ഡോക്ടർമാരിൽനിന്ന് മാറ്റി പ്രൊഫഷണൽ മാനേജുമെന്റിനെ ഏല്പിക്കണം.

<u>ശ്രീ.ജോണി നെല്ലൂർ</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ അഞ്ചു വർഷം ഭരിച്ച് കെ.എസ്.ആർ.ടി.സി.യെ ഈ നിലയിലെത്തിച്ചവർ ഈ ഒരു വർഷത്തിനുള്ളിൽ അവിടെയുണ്ടായ പുരോഗതി കണ്ടില്ലെന്നു നടിക്കുന്നതും വിമർശിക്കുന്നതും തകർന്നു തരിപ്പണമായിരിക്കുന്ന ഈ അവസ്ഥയിൽ പുതിയ വാഹനങ്ങൾ വാങ്ങാത്തതിന് കുറ്റപ്പെടുത്തുന്നതും ശരിയല്ല. അടുത്തകാലത്ത് ആരംഭിച്ച ലൈറ്റ്നിംഗ് എക്സ്പ്രസ് സർവീസുകൾ കൂടുതലായി ആരംഭിക്കണം. ബസ്സുകൾ വാടകയ്ക്കെടുത്തു സർവ്വീസ് നടത്തുന്നത് ലാഭകരമായതിനാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ കൂടുതൽ ബസ്സുകൾ വാടകയ്ക്കെടുത്തു സർവീസ് നടത്തണം. ഗ്രാമീണ മേഖലകളിൽ കൂടുതൽ സർവീസ് നടത്തണം. മിനി ബസ് സർവീസ് ഏർപ്പെടുത്താനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കേന്ദ്രവാഹനനിയമമനുസരിച്ചു ബസ്സ് റൂട്ട് അനുവദിക്കുമ്പോൾ ജനങ്ങൾക്ക് ആവശ്യമുള്ള റൂട്ടുകൾ അനുവദിക്കാൻ കഴിയുകയില്ല. അതിനു പരിഹാരമായി കൊണ്ടുവരുന്ന റൂട്ട് ഫോർമുലേഷൻ കമ്മിറ്റിയിൽ ജനപ്രതിനിധികൾക്കും പ്രാതിനിധ്യം നൽകണം. തീർപ്പുകൽപ്പിക്കാനുണ്ടായിരുന്ന 2350-തോളം നഷ്ടപരിഹാരക്കേസുകളിൽ 870 എണ്ണത്തിനു അദാലത്ത് വഴി തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ശേഷിക്കുന്നവ അടിയന്തിരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള അധികാരം കൂടി തദ്ദേശസ്വയംഭരണസ്ഥപനങ്ങൾക്ക് നൽകണം. സ്പെഷ്യാലിററി കേഡറുകളിലേയ്ക്ക് ഉയർത്തപ്പെടുന്ന ആശുപത്രികളിൽ ആവശ്യമായിവരുന്ന അഡിഷണൽ പോസ്റ്റുകൾ കൂടി അനുവദിക്കണം. ഗ്രാമങ്ങളിൽ ജോലി ചെയ്യാൻ തയ്യാറാകാത്ത ഡോക്ടർമാരുടെ പേരിൽ നടപടിയെടുക്കണം. പാരാമെഡിക്കൽ രംഗത്ത് ഗവൺമെന്റ് കൂടുതൽ കോഴ്സുകൾ ആരംഭിച്ചുകൊണ്ട് സ്വകാര്യസ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നു സംസ്ഥാനത്തെ വിദ്യാർത്ഥികളെ രക്ഷിക്കണം.

<u>ശ്രീ. യു. സി. രാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോഴിക്കോട്ടെ രണ്ടു പ്രധാനപ്പെട്ട ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. കഴിഞ്ഞ ഒരു വർഷം കൊണ്ടു കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 15 കോടി രൂപയിൽ നിന്നു 5 കോടി രൂപയായി കുറയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കോഴിക്കോട് മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണം. കൂടുതൽ ബസുകൾ വാടകയ്ക്കെടുത്തു സർവ്വീസ് നടത്തുന്നതിനും കട്ടപ്പുറത്തിരിക്കുന്ന മുഴുവൻ ബസ്സുകളും നിരത്തിലിറക്കുന്നതിനും നടപടി

സ്വീകരിക്കണം. ഷെഡ്യൂളുകളിലെ അശാസ്ത്രീയത പരിഹരിക്കണം. ആർ.ടി ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കണം.

ശ്രീ. എൻ. ശക്തൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് ആരോഗ്യരംഗത്ത് സ്വകാര്യമേഖലയിൽ 5 മെഡിക്കൽകോളേജുകളും 3 ആയുർവേദ കോളേജുകളും 19 നഴ്സിംഗ് കോളേജുകളും ആരംഭിക്കാൻ അനുമതി നൽകിയതുമൂലം സംസ്ഥാന ഖജനാവിന് ബാദ്ധ്യത വരുത്താതെ അഞ്ഞൂറിലേറെപ്പേർക്കുകൂടി മെഡിക്കൽ വിദ്യഭ്യാസം ചെയ്യാനും അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുമായിരുന്ന പണം ഇവിടെത്തന്നെ ചെലവഴിക്കാനും അവസരമുണ്ടാക്കിയത് സ്വാഗതാർഹമാണ്. ആരോഗ്യ രംഗത്ത് 73% രോഗികളും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നുവെങ്കിലും ബാക്കി 27%-നു വേണ്ടിയുള്ള സജ്ജീകരണങ്ങളൊന്നും ഗവണ്മെന്റ് ആശുപത്രികളിൽ ലഭ്യമല്ല. പബ്ലിക് ഹെൽത്ത് സെന്ററുകളും താലൂക്ക്-ജില്ലാ മെഡിക്കൽകോളേജ് ആശുപത്രികളും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്ന വിധത്തിൽ സജ്ജീകരിക്കണം. സാമ്പത്തിക ശേഷിയുള്ളവരിൽനിന്ന് മുഴുവൻ ഫീസ് ഈടാക്കിക്കൊണ്ടാണെങ്കിലും പാവപ്പെട്ട രോഗികൾക്ക് ആശുപത്രികളിൽ ഉച്ചയ്ക്കും വൈകുന്നേരവും ആഹാരം ലഭ്യമാക്കണം. നെയ്യാറ്റിൻകര ഗവണ്മെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുകയും അവിടെ ട്രോമാ കെയർ യൂണിറ്റ് അടിയന്തിരമായി ആരംഭിക്കുകയും വേണം. മെഡിക്കൽ കോളേജുകളിലേയ്ക്ക് രോഗികളെ കൊണ്ടുവരുന്ന വഴിയിൽ മരണം സംഭവിക്കുകയും മെഡിക്കൽ കോളേജിൽ എത്തിക്കഴിഞ്ഞാൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുകയും ചെയ്യുന്ന സമ്പ്രദായത്തിൽനിന്നും ഹാർട്ട് അറ്റാക്കുപോലുള്ള അസുഖംമൂലം മരണപ്പെടുന്നവരെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. മെഡിക്കൽകോളേജുകളിലെ കാഷ്വാലിറ്റിയിൽ 24 മണിക്കൂറും സീനിയർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. തിരുവനന്തപുരം ആയുർവേദ കോളേജിൽ ശുദ്ധജല വിതരണം സുഗമമാക്കണം. പച്ചമരുന്നുകൾ ഉപയോഗിച്ചുള്ള ക്യാൻസർ ചികിത്സ ശാസ്ത്രീയമായി നടത്താൻ കഴിയുന്ന വിധത്തിൽ ആയുർവേദ കോളേജിൽ ഗവേഷണത്തിന് സൗകര്യമുണ്ടാക്കുകയും അവിടെ കൂടുതൽ പേവാർഡുകൾ നിർമ്മിക്കുകയും വേണം. നെയ്യാറ്റിൻകര താലൂക്കിൽ ഇന്നുള്ളതിന്റെ 50% ബസ്സുകൾകൂടി അനുവദിച്ചുകൊണ്ട്, പ്രൈവറ്റ് ബസ് അനുവദിച്ചുകൊണ്ടായാലും, യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പാപ്പനംകോട് ബസ് ഡിപ്പോയിൽനിന്നും നിർത്തൽ ചെയ്ത 28 ബസ് സർവീസുകളും പുനരാരംഭിക്കണം.

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-ഗതാഗതവകുപ്പുമന്ത്രിമാർ ആദ്യമായി നിയമസഭാംഗങ്ങളായവരാണെങ്കിലും അവരുടെ ഭരണ മികവ് അഭിനന്ദനാർഹമാണ്. സ്വകാര്യ മേഖലയിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും ആയുർവേദ കോളേജുകളും ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരമുണ്ടാക്കുന്നതിനും അന്യസംസ്ഥാനങ്ങളിലേക്ക് പോകേണ്ടിയിരുന്ന പണം ഇവിടെ ചെലവഴിക്കപ്പെടുന്നതിനും ഇതുമൂലം അവസരമുണ്ടായി. പ്ലസ് ടു സ്കൂളുകൾ അനുവദിച്ചുകൊണ്ട് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അഴിമതി നടന്നുവെങ്കിൽ ഇന്ന് സുതാര്യമായി കാര്യങ്ങൾ ചെയ്യാൻ

കഴിഞ്ഞിരിക്കുന്നു. ഡയബറ്റിക് രോഗികൾക്ക് പ്രത്യേകമായി ചികിത്സാ സൗകര്യമുണ്ടാക്കിയതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതും ഹൃദ്രോഗബാധ തടയുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക സൗകര്യമേർപ്പെടുത്തിയതും സ്വാഗതാർഹമാണ്. തൃശൂർ മെഡിക്കൽകോളേജിൽ ഹൃദ്രോഗത്തിന് പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം അവിടെ ആധുനിക ചികിത്സയ്ക്കായി പ്രത്യേക പരിഗണന നൽകുകയും വേണം. ഫൈവ് സ്റ്റാർ മോഡലിൽ സ്വകാര്യാശുപത്രികൾ സ്ഥാപിക്കുന്നതിനും ഫീസ് ഈടാക്കുന്നതിനുമെതിരെ കർക്കശമായ നടപടികൾ സ്വീകരിക്കണം. എറണാകുളത്ത് ട്രോമാകെയർ യൂണിറ്റ് ആരംഭിച്ചതും കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ തീരുമാനിച്ചതും ശബരിമലയിൽ ഓക്സിജൻ പാർലറുകൾ ആരംഭിച്ചതും അഭിനന്ദനീയമാണ്. പാർശ്വഫലങ്ങളില്ലാത്ത ഹോമിയോ ചികിത്സയ്ക്ക് പ്രത്യേക പ്രാധാന്യം കൊടുക്കണം. മുൻഗവണ്മെന്റിന്റെ കാലത്ത് പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് 15 കോടിരൂപ നഷ്ടമായിരുന്നുവെങ്കിൽ ഇപ്പോഴത് 5 കോടി രൂപയാക്കി ചുരുക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും നഷ്ടം കുറച്ചുകൊണ്ടുവരാനും കഴിഞ്ഞു. എല്ലാ ജില്ലകളിലും ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ ആരംഭിക്കണം. ആദായകരമല്ലാത്ത ഷെഡ്യൂളുകൾ പുന:ക്രമീകരിക്കണം. മലയോരപ്രദേശങ്ങളിൽ മിനി ബസ് സർവ്വീസുകൾ നടത്താൻ തീരുമാനിച്ചതും തിരുവനന്തപുരത്ത് നിശാസർവ്വീസുകൾ ആരംഭിച്ചതും ജനങ്ങൾക്ക് ആശ്വാസകരമായ നടപടികളാണ്. കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള വകുപ്പുമന്ത്രിയുടെ സമീപനം പ്രശംസാർഹമാണ്. ജനപ്രതിനിധികളുമായും ജനങ്ങളുമായും ചർച്ച ചെയ്ത് ഷെഡ്യൂളുകളുടെ സമയം നിശ്ചയിച്ച് ലാഭകരമായി സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണം. ബസ് ചാർജ്ജ് ഇനിയും വർദ്ധിപ്പിക്കാതെ ചെലവ് ചുരുക്കലിലൂടെ കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലേയ്ക്ക് നയിക്കണം. ദേശസാൽക്കൃത റൂട്ടുകളിൽ ആവശ്യത്തിന് ബസ്സുകൾ ഓടിക്കണം. സിറ്റിംഗ് എം.എൽ.എ.മാർക്കും മുൻ എം.എൽ.എ.മാർക്കും അവരുടെ കുടുംബാംഗങ്ങളോടൊപ്പം യാത്ര ചെയ്യുന്നതിന് സൗജന്യ പാസ്സ് അനുവദിക്കണം.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് മരുന്ന് വാങ്ങിയ ഇനത്തിൽ കൊടുക്കാനുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നു. അഴിമതി ഇല്ലാതാക്കുന്നതിന് ഡോക്ടർമാരുടെ സ്ഥലം മാറ്റത്തിന് നോംസ് നിശ്ചയിച്ചു. ആതുരശുശ്രൂഷാരംഗത്തെ പവിത്രത വീണ്ടെടുക്കാൻ കഴിഞ്ഞു. ചികിൽസാരംഗത്തെ നവീകരിക്കുന്നതിന് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ സ്വാഗതാർഹമാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം കൊടുത്ത സർക്കാരിന്റെ നടപടി അഭിനന്ദനമർഹിക്കുന്നു. തിരുവനന്തപുരം മെഡിക്കൽകോളേജിന്റെ വികസനത്തിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യ വകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിന് ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിക്കണം. കൊല്ലം താലൂക്കിലെ

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഒരു താലൂക്കാശുപത്രിയും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും അനുവദിക്കണം. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് വകുപ്പുമന്ത്രിക്ക് കഴിഞ്ഞു. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. ജനങ്ങളുടെ യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായി അനുവദിക്കണം. ചാത്തന്നൂർ സബ് ഡിപ്പോയ്ക്ക് കുടുതൽ ബസ്സുകൾ അനുവദിക്കുകയും ഇവിടെനിന്ന് കൂടുതൽ ദീർഘദൂര ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-ഗതാഗത വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയെടുക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർക്ക് കഴിഞ്ഞു. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 15 കോടിയിൽനിന്നും 5 കോടി രൂപയാക്കി കുറയ്ക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുമെന്നു പ്രഖ്യാപിച്ച കമ്പ്യൂട്ടർശൃംഖല പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞു. ലേണേഴ്സ് ഡ്രൈവിംഗ് ലൈസൻസ് കമ്പ്യൂട്ടറിലൂടെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനും പ്രാവർത്തികമാകാൻ പോകുന്നു. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ ശുചീകരിക്കുകയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിശാ സർവ്വീസുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. എം.എ.സി.ടി.യിൽ തീർപ്പു കല്പിക്കാതെ കിടന്നിരുന്ന 870 കേസ്സുകളിന്മേൽ ഒരു കൊല്ലം കൊണ്ട് തീർപ്പു കല്പിച്ചു. ആരോഗ്യ രംഗത്ത് ഉദാരമായി സംഭാവന ചെയ്യാൻ തയ്യാറുള്ളവരിൽ നിന്ന് അത് സ്വീകരിച്ച് പാവപ്പെട്ടവർക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ യാതൊരു അപാകതയും ഇല്ല. ആരോഗ്യ വകുപ്പ് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു അത്യാഹിത വിഭാഗം കൂടി ആരംഭിച്ചതും ഹാർട്ട് ഫൗണ്ടേഷന് ഒരു കോടി രൂപ നീക്കിവച്ചതും ശബരിമലയിലെ നീലിമലയിൽ ഐ.സി. യൂണിറ്റും ട്രോമാ കെയർ യൂണിറ്റും സ്ഥാപിച്ചതും ഔഷധ സസ്യ കൃഷി, സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും റീജിയണൽ ഡയഗ്നോസ്റ്റിക് സെന്റർ സ്ഥാപിക്കാൻ 30 കോടി രൂപ നീക്കിവച്ചതും സ്വാഗതാർഹമാണ്. ആയുർവേദ-ഹോമിയോ-പ്രകൃതി ചികിത്സാ മേഖലകളുടെ മുന്നേറ്റത്തിന് സഹായിക്കുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി.കെ. നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാധാരണക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിത്സാ സൗകര്യങ്ങൾ തകർക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഉദാരവത്കരണ നയത്തിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ട ജനങ്ങളാണ്. കെ.എസ്.ആർ.ടി.സി.യെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കാൻ എന്ന ന്യായം പറഞ്ഞ് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്നും സാമ്പത്തിക സഹായം ലഭ്യമാകാത്തതുകൊണ്ട് പുതിയ ബസ്സുകൾ വാങ്ങാനോ ഒഴിവുള്ള

തസ്തികകളിൽ നിയമനം നടത്താനോ കെ.എസ്.ആർ.ടി.സി.ക്ക് കഴിയുന്നില്ല. ഇവയെല്ലാം പരിഹരിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുള്ളതുകൊണ്ട് അതിന് സന്നദ്ധമാകണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് തകർന്നു തരിപ്പണമായ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ആരോഗ്യ പരിപാലന രംഗത്ത് ഈ ഗവൺമെന്റ് നാമമാത്രമായ സംഖ്യയേ ചെലവഴിക്കുന്നുള്ളൂ. ആശുപത്രികളിൽ രോഗികൾക്ക് ആവശ്യത്തിനുള്ള മരുന്നോ ഭക്ഷണമോ നൽകാൻ കഴിയുന്നില്ല. നിയമന നിരോധനം മാറ്റി ആരോഗ്യ രംഗത്ത് ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽനിന്ന് അയൽ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോളേജുകളിൽ വർഷംതോറും ആയിരക്കണക്കിന് വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതുമൂലം സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപ നഷ്ടമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇവിടെ സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, പാരാ മെഡിക്കൽ, ആയൂർവേദം, സിദ്ധ എന്നീ മേഖലകളിലാണ് സ്വാശ്രയ കോളേജുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അവ എത്രയും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. 100 കിടക്കകളുള്ള ആശുപത്രികൾക്ക് സ്പെഷ്യാലിറ്റി അനുവദിച്ചത് പാവപ്പെട്ട രോഗികൾക്ക് ആശ്വാസകരമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 15 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയ മാതൃകാപരമായ നടപടി ശ്ളാഘനീയമാണ്. അന്തർദേശീയ നിലവാരമുള്ള ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് എത്രയും വേഗം ആരംഭിക്കാൻ നടപടിയുണ്ടാകണം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കാൻ ബഡ്ജറ്റിൽ ഒരു കോടി രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിൽ പണി പൂർത്തിയാകാതെ കിടക്കുന്ന താലൂക്കാശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കാനും പേ വിഷബാധയ്ക്ക് ആവശ്യമായ മരുന്ന് എല്ലാ ആശുപത്രികളിലും എത്തിക്കാനും നടപടി സ്വീകരിക്കണം. ലോക ബാങ്കിന്റേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടി ആശുപത്രികൾ വികസിപ്പിക്കാനുള്ള നടപടി കൈക്കൊള്ളണം. മാനസിക രോഗാശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ പ്രത്യേക പരിഗണന നൽകണം. കാസർഗോഡ് ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണം. മലപ്പുറം ജില്ലാ ആശുപത്രിയിലെ നവീകരണ പദ്ധതി മാതൃകയാക്കണം. കാസർഗോഡുള്ള കെ.എസ്.ആർ.ടി.സി. യുടെ ഷോപ്പിംഗ് കോംപ്ളക്സിന്റെ പണി ബി.ഒ.ടി. അടിസ്ഥാനത്തിൽ ആരംഭിക്കാനും ബസ് സ്റ്റേഷനുകളിൽ വിശ്രമ കേന്ദ്രങ്ങളും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും സ്ത്രീകൾക്ക് പ്രത്യേകമായ വിശ്രമ മുറികളും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നിറുത്തൽ ചെയ്ത കാസർഗോഡ്-ബാംഗ്ളൂർ സർവ്വീസ് പുന:സ്ഥാപിക്കണം. നിറുത്തൽ ചെയ്ത സംസ്ഥാന അന്തർ സംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതിയ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണം. തിരുവനന്തപുരത്തുനിന്ന് കാസർഗോഡിലേയ്ക്ക് ഒരു ഹൈടെക് ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കാസർഗോഡുനിന്ന് കോഴിക്കോട്ടേയ്ക്കും എറണാകുളത്തേയ്ക്കും ടൗൺ ടു

ടൗൺ ബസ് സർവ്വീസ് ആരംഭിക്കണം. ഗതാഗത സൗകര്യം കുറഞ്ഞ മേഖലയിൽ കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 15 കോടി രൂപയിൽനിന്നും 5 കോടി രൂപയായി കുറച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കർണ്ണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ ഗവൺമെന്റുകളുമായി ചർച്ച നടത്തി അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുകയും റഡാർ പരിശോധന എല്ലാ ഭാഗത്തും ഏർപ്പെടുത്തുകയും ചെയ്യണം. തിരക്കുള്ള നഗര പ്രദേശങ്ങളിലെല്ലാം ട്രാഫിക് സിഗ്നലും അപകട മേഖലയിൽ വേഗത സൂചിപ്പിക്കുന്ന ബോർഡുകളും സ്ഥാപിക്കണം.

<u>ശ്രീ. തമ്പാനൂർ രവി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങളെ ബാധിക്കുന്ന ആരോഗ്യം, ഗതാഗതം എന്നീ വകുപ്പുകളിൽ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട്, ചുരുങ്ങിയ സമയത്തിനുള്ളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെൻറിന്റെ കാലത്ത് കൈകാര്യം ചെയ്തതിനെക്കാൾ മികച്ച രീതിയിലാണ് ഗതാഗത വകുപ്പ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്. ആർ.ടി.ഒ. ആഫീസുകളിൽ ട്രാൻസ്ഫർ ഉൾപ്പെടെ ഏറ്റവും കൂടുതൽ അഴിമതി നടന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഏജന്റുമാരെ നിയന്ത്രിച്ചു. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തിന്റെ ആക്ഷേപങ്ങൾക്ക് യാതൊരു കഴമ്പുമില്ല. കെ.എസ്.ആർ.ടി.സി. പബ്ളിക് യൂട്ടിലിറ്റി സ്ഥാപനമാകയാൽ മെച്ചപ്പെട്ട തൊഴിൽ ബന്ധം മാനേജുമെന്റ് നിലനിർത്തണം. ഈ സ്ഥാപനത്തിലെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് റഫറണ്ടത്തിൽ വിജയിച്ച ട്രേഡ് യൂണിയനുകളെ കോൺഫിഡൻസിൽ എടുത്തുകൊണ്ട് തീരുമാനങ്ങൾ കൈക്കൊള്ളാനും, അവരെ വിളിച്ചുചേർത്തുകൊണ്ട് ഒരു അടിയന്തിര യോഗം സംഘടിപ്പിക്കാനും വകുപ്പുമന്ത്രി തയ്യാറാകണം. കെ.എസ്.ആർ.ടി.സി.യിൽ റുട്ടീൻ ആയിട്ട് ലഭിക്കേണ്ട പ്രൊമോഷൻ പോസ്റ്റുകളിൽ നിയമനം നടത്താനുള്ള പ്രഖ്യാപനം ഉണ്ടാകണം. കുടിശ്ശികയായ 15 ശതമാനം ഡി.എ. ഉൾപ്പെടെ സർക്കാർ ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും നൽകാൻ നടപടിയുണ്ടാകണം. വാഹനങ്ങൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്ന കാര്യത്തിൽ പുനർചിന്തനം നടത്തണം. ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചുകൊണ്ട് പുതിയ ബസ്സുകൾ വാങ്ങാൻ നടപടി സ്വീകരിക്കണം. വിവിധ കൺസഷനുകളിലൂടെ പ്രതിവർഷം 125 കോടി രൂപ ഈ സ്ഥാപനത്തിന് നഷ്ടമാകുന്നതിനാൽ ഈ തുക ബന്ധപ്പെട്ട വകുപ്പുകൾ കെ.എസ്.ആർ.ടി.സി.ക്ക് പിരിച്ചുകൊടുക്കുകയോ അല്ലെങ്കിൽ ഇതിനു പകരമായി ഇവിടത്തെ ജീവനക്കാർക്ക് ഗവൺമെന്റ് പെൻഷൻ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണം. പാരലൽ സർവ്വീസ് നിയന്ത്രിച്ചാൽ പ്രതിദിനം 35 ലക്ഷം രൂപയുടെ അധിക വരുമാനമുണ്ടാക്കാൻ കഴിയുമെന്നതിനാൽ ഇക്കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തണം. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്. ആർ.ടി.സി. ലോൺ എടുക്കുന്ന തുകയ്ക്ക് ആ സ്ഥാപനത്തിനു തന്നെ പലിശ നിശ്ചയിക്കാനുള്ള അധികാരം നൽകുന്ന നടപടി ശരിയല്ല. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് നോൺ ഒഫിഷ്യൽസിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുന:സംഘടിപ്പിക്കാൻ തയ്യാറാകണം. ഈ സ്ഥാപനത്തിൽ ഉയർന്ന തസ്തികകളിൽ റിട്ടയേർഡ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന നടപടി അവസാനിപ്പിക്കണം. പ്രതിദിന കളക്ഷൻ ബാങ്കിൽ

അടച്ചാൽ പ്രതിവർഷം 50 ലക്ഷം രൂപയുടെ നഷ്ടം ഒഴിവാക്കാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് തലത്തിൽ തീരുമാനമെടുക്കണം. നിശാ സർവ്വീസ് കളക്ഷൻ കുറവാണെങ്കിൽ അത് നിറുത്തൽ ചെയ്യണം. മെഡിക്കൽ കോളേജിലെ തിരക്ക് കുറയ്ക്കാൻ താലൂക്ക് ജില്ലാ ആശുപത്രികൾ ശക്തിപ്പെടുത്തി ജീവൻ രക്ഷാ മരുന്നുകൾ നൽകാൻ നടപടി സ്വീകരിക്കണം.

<u>ഡോ. തോമസ് ഐസക്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള സർക്കാരിന്റെ സാമ്പത്തിക നയ വൈകല്യങ്ങളുടെ ഫലമായി ഗതാഗതം, ആരോഗ്യം എന്നീ വകുപ്പുകൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പദ്ധതി വിഹിതം 3200 കോടി രൂപയിൽനിന്നും 4025 കോടി രൂപയായി ഉയർന്നുവെങ്കിലും കഴിഞ്ഞ വർഷം ഗതാഗത വകുപ്പിന് 15 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഇപ്പോൾ 11 കോടി രൂപയായി കുറഞ്ഞതിന്റെ ന്യായീകരണം വ്യക്തമാക്കണം. ബസ് സ്റ്റാൻഡിൽ മാർക്കറ്റ് പണിയാനും ഇ–ഗവേണൻസിനും മാറ്റിവച്ച തുക കഴിഞ്ഞാൽ റോഡ് ഗതാഗതത്തിന് നീക്കിവച്ച തുക തുലോം കുറവാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ച പ്ളാനിംഗ് ബോർഡിന്റെ വിലയിരുത്തലിൽ മാറ്റം വരുത്താൻ ശ്രമിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ആരോഗ്യ വകുപ്പിന് കഴിഞ്ഞ വർഷം 685 കോടി രൂപ നൽകിയ സ്ഥാനത്ത് ഈ വർഷം 655 കോടി രൂപ മാത്രമാണ് നല്കിയത്. മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റിക്കുവേണ്ടി 131 കോടി രൂപ അനുവദിച്ച സർക്കാർ പൊതുജനാരോഗ്യ സംവിധാനത്തെ വാണിജ്യവത്കരിക്കാനും സ്വകാര്യവത്കരിക്കാനുമാണ് ശ്രമിക്കുന്നത്. ദാരിദ്ര്യജന്യ രോഗങ്ങൾ മാറ്റാൻ പര്യാപ്തമായ പൊതുജനാരോഗ്യ സംവിധാനത്തെ ഗവൺമെന്റ് തകർത്തിരിക്കുന്നു. ആരോഗ്യ നയം രൂപീകരിക്കുമ്പോൾ സാമൂഹ്യ, സാമ്പത്തിക നീതിയും മെറിറ്റും ഉറപ്പുവരുത്തി കൂടുതൽ സീറ്റുകൾ അനുവദിക്കാനും പ്രൈവറ്റ് മേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റികൾ കൊണ്ടുവരുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. ആരോഗ്യ വകുപ്പിൽ എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് വികസനം നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാകണം. ഈ വകുപ്പിൽ ഒഴിവുള്ള 5193 തസ്തികകൾ അടിയന്തിരമായി നികത്താനും ആശുപത്രികൾക്ക് ജീവൻരക്ഷാ മരുന്നുകൾ നൽകാനും തയ്യാറാകണം. ആരോഗ്യവകുപ്പിന് അനുവദിച്ചിരിക്കുന്ന പരിമിതമായ തുക ശരിയായി വിനിയോ ഗിക്കപ്പെട്ടില്ലെങ്കിൽ ആരോഗ്യരംഗത്തെ സ്ഥിതി എന്താകുമെന്ന് ആലോചിക്കണം . മാർച്ച് 31–നകം മരുന്ന് സപ്ളൈ ചെയ്യാനുള്ള ഇൻഡന്റ് നൽകാത്തതിനാൽ ആശുപത്രികളിൽ ഇപ്പോൾ മരുന്നില്ല . സി.പി.സി.യിൽ രജിസ്റ്റർ ചെയ്ത മരുന്നു കമ്പനികൾ കണ്ടിഷൻസ് പാലിച്ചില്ലെങ്കിൽ അവയെ ഒഴിവാക്കാനും പുതിയ ഏതെങ്കിലും കമ്പനികൾ കണ്ടിഷൻസ് പാലിച്ചുകൊണ്ട് മരുന്ന് സപ്ളൈ ചെയ്യുന്നതിന് അപേക്ഷിച്ചാൽ അവയെ ഉൾപ്പെടുത്താനും സി.പി.സിക്ക് അധികാരമുണ്ട് . എന്നിട്ടും മരുന്ന് സപ്ളയേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കാൻ കാലതാമസം വന്നതിനെപ്പറ്റി ചർച്ച ചെയ്യണം. ഇപ്പോൾ സി.പി.സി. അംഗീകരിച്ച ലിസ്റ്റിലുള്ള 136 കമ്പനികളിൽ കഴിഞ്ഞവർഷം മരുന്ന് സപ്ളൈ ചെയ്യാതിരുന്ന കമ്പനികൾ മുന്നോട്ടുവച്ച മാനദണ്ഡം എന്താണെന്ന് പരിശോധിക്കണം. വലിയ വില വർദ്ധനവുണ്ടായിരുന്ന ചില മരുന്നുകൾക്ക് മോണോപ്പൊളി കമ്പനികളുടെ പ്രാക്ടീസുമൂലം ആറു മാസക്കാലത്തിനിടയിൽ വില കുറഞ്ഞിരിക്കുന്നു . ഇങ്ങനെ ആശുപത്രികളിൽ മരുന്നു സപ്ളൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ തയ്യാറാകണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ): ഇവിടെ നടന്ന ചർച്ചയിൽ ഇരുഭാഗത്തു നിന്നും വന്ന നല്ല നിർദ്ദേശങ്ങളെ സ്വാഗതംചെയ്യുന്നു. ഒരു വർഷം കൊണ്ട് കെ.എസ്.ആർ. ടി.സിയിൽ ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങളുടെ ഫലമായി മെച്ചപ്പെട്ട രീതിയിൽ ഈ വകുപ്പിനെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. കഴിഞ്ഞവർഷത്തെ അപേക്ഷിച്ചുനോക്കുമ്പോൾ ഈ സ്ഥാപനത്തിന് പ്രതിദിനം 19 ലക്ഷം രൂപയുടെ വരുമാന വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് . അച്ചടക്കമുള്ള ഭരണസംവിധാനവും ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സഹകരണവും കൊണ്ട് അറുപതിനായിരം കിലോമീറ്റർ ഡെഡ് മൈലേജ് ഓടിക്കൊണ്ടിരുന്നത് അവസാനിപ്പിച്ചു കൊണ്ടാണ് ചാർജ്ജ് വർദ്ധനവിനുമുമ്പ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് . ഇപ്പോൾ പ്രതിദിനം ഒരു ബസ്സിന് ശരാശരി 825 രൂപയുടെ വരുമാന വർദ്ധനവുണ്ടായി. കിലോമീറ്ററിന് 2. 52 രൂപയുടെ വർദ്ധനവ് നേടിയെടുക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. ലാഭവും നഷ്ടവുമില്ലാത്ത സ്ഥാപനമായി കെ.എസ്.ആർ.ടി.സി.യെ മാറ്റിയെടുക്കാൻ ചുരുങ്ങിയകാലം കൊണ്ട് കഴിയും. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഫലമായി ഡീസലിന്റേയും ഓയിലിന്റേയും വില വർദ്ധിപ്പിച്ചതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.ക്ക് ലാഭം നേടാൻ കഴിയാതെ പോയത്. വരുമാന ത്തേക്കാൾ ചെലവ് ചെയ്തുകൊണ്ടിരുന്ന ഈ സ്ഥാപനത്തിന് ഇപ്പോൾ 35 ലക്ഷം രൂപയുടെ വരുമാനം കൂടുതൽ ഉണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന കടലാസ് ഷെഡ്യൂളുകൾ ഒഴിവാക്കി ക്കൊണ്ട് 3600 ഇഫക്ടീവ് ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യിലെ തന്നെ സമർത്ഥരായ ജീവനക്കാരെ ഉപയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി. സി. മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുന്ന നടപടി ആരംഭിക്കുകയും മുഴുവൻ ഡിപ്പോകളും കമ്പ്യൂട്ടർ നെറ്റ്വർക്കിൽ കൊണ്ടുവരാൻ കഴിയുന്ന കമ്പ്യൂട്ടർ ശൃംഖല രൂപപ്പെടുത്തിയെടുക്കുകയും ചെയ്തു. വെബ്സൈറ്റിലൂടെ കമ്പ്യൂട്ടർ റിസർവേഷൻ സൗകര്യം ഉണ്ടാക്കുന്നതിന്റെ ഭാഗമായി ബാംഗ്ളൂർ അടക്കം 8 കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ റിസർവേഷൻ സംവിധാനം ഉണ്ടാക്കി. കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ തരാമെന്നു സമ്മതിച്ച സോഫ്ട് വെയർ കിട്ടുകയാണെങ്കിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തി രാജ്യത്തിനു പുറത്തുള്ള ആളുകൾക്ക് ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ട്രാവൽ ഏജൻസികൾ മുഖാന്തിരം കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നേരിട്ട് ബുക്കിംഗ് സൗകര്യം ലഭിക്കും. ഒരു തൊഴിൽ അവസരം കൂടിയാണിത്. ഈ സ്ഥാപനത്തിൽ ഏറ്റവും വ്യാപകമായി നടന്നിരുന്ന ടിക്കറ്റ് മോഷണം തടയുന്നതിന് ഒരു ടിക്കറ്റ് മെഷീൻ സംവിധാനം ഏർപ്പെടുത്തി. ഈയിനത്തിൽ മാത്രം ഒരു ദിവസം 50 ലക്ഷം രൂപ ലാഭിക്കാൻ കഴിയും. അതിനുവേണ്ടി ഒരു പ്രത്യേക കോഡ് സിസ്റ്റം നിലവിൽ വരുന്നതോടുകൂടി കണ്ടക്ടറുടെ ജോലിഭാരം കുറയും. കണക്കിൽ വ്യത്യാസം വരുകയില്ല. ടിക്കറ്റ് അടുക്കിവയ്ക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരുടേയും ആഡിറ്റിംഗിന്റേയും ആവശ്യം ഇല്ലാതാകും. ഡ്രൈവറുടേയും കണ്ടക്ടറുടേയും ശമ്പളം, അലവൻസ് തുടങ്ങിയ കാര്യങ്ങളെല്ലാം ഈ മെഷീന്റെ സഹായത്തോടെ അറിയാൻ കഴിയും. സ്ഥിരം ജീവനക്കാർ ഉൾപ്പെടെ 29,000 ജീവനക്കാർ ഉള്ള ഈ സ്ഥാപനത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾ ആവശ്യപ്പെടാതെതന്നെ ജീവനക്കാരുടെ പേരിലുണ്ടായിരുന്ന കേസ്സുകൾക്ക് അദാലത്തുകൾ വഴി പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി ജീവനക്കാരെ ഒരു പാർട്ടിയുടേയും അംഗങ്ങളായി വേർതിരിച്ചുകൊണ്ട് സ്ഥലം മാറ്റം അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നില്ല. 1985 മുതൽ എം.എ.സി.ടി.യിൽ കെട്ടിക്കിടന്ന കേസ്സുകൾക്ക് പരിഹാരമുണ്ടാക്കാൻ രണ്ടു കോടി പതിനൊന്നുലക്ഷം രൂപ ബാങ്കുകൾക്ക്

കൈമാറിയിട്ടുണ്ട്. വിധി നേടിയ കേസ്സുകൾക്ക് പലിശ വേണ്ടെന്ന് ബന്ധപ്പെട്ടവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം രൂപ പലിശ വേവ് ചെയ്ത ഇനത്തിൽ ലാഭമുണ്ടാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ഏർപ്പെടുത്തി. 1999 നവംബർ മാസത്തിനുശേഷമുള്ള പെൻഷൻ കുടിശ്ശികയുമായി ബന്ധപ്പെട്ട് 350 കേസ്സുകളാണ് ഹൈക്കോടതിയിൽ വന്നിട്ടുള്ളത്. അഡ്വക്കേറ്റ് ജനറൽ തന്നെ അപ്പിയർ ചെയ്തിട്ടാണ് ആ കേസ് വാദിച്ചത്. അതിനുശേഷം കോടതി ഒരു സെറ്റിൽമെന്റുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തിന്റെ 10 ശതമാനം കെ. എസ്. ആർ. ടി. സി. യുടെ അക്കൗണ്ടിൽ കിടക്കുകയാണ്. അങ്ങനെ പെൻഷൻ പറ്റിയ ആളുകളുടെ പരാതികളും തർക്കങ്ങളും അവസാനിക്കുക മാത്രമല്ല 2000 ആഗസ്റ്റുവരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. ജീവനക്കാരുടെ പി. എഫ്. റിക്കവറി തുടങ്ങിയവയെല്ലാം വക മാറ്റി ചെലവു ചെയ്യുന്ന സംവിധാനം അവസാനിപ്പിച്ചു. ലേലാന്റ് കംപനിക്ക് കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടായിരുന്ന 15 കോടി രൂപയിൽ 9 കോടി രൂപയും, ടാറ്റാ കംപനിക്ക് കൊടുക്കാനുണ്ടായിരുന്ന 5 കോടി രൂപയിൽ 2 കോടി രൂപയും ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ് കൊടുത്തത്. പെൻഷൻ ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന 40 കോടി രൂപ കൊടുത്തുകഴിഞ്ഞു. ജീവനക്കാരുടെ ആനുകൂല്യം കൃത്യമായി കൊടുക്കുന്നുണ്ട്. ഡി. എ. കൊടുക്കാൻ നിവൃത്തിയില്ല. ബി.ഒ.ടി സ്കീമിൽ പല പദ്ധതികളും ഈ ഗവൺമെന്റ് തുടങ്ങാനുദ്ദേശിക്കുന്നു. അതിന്റെ തുടക്കമെന്നുള്ള നിലയിൽ ബി. ഒ. ടി. സ്കീമിൽ 35 കോടി രൂപ ചെലവു വരുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒൻപത് നില കെട്ടിടം കോഴിക്കോട് പണിയാനുള്ള പ്രാഥമിക പഠനങ്ങൾ നടത്തുകയും അതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ കെ. എസ്.ആർ. ടി. സി. നിർദ്ദേശം കൊടുക്കുകയും ചെയ്തു. കണ്ണൂർ ബസ് സ്റ്റേഷന്റെ പണിക്കും പണം കണ്ടെത്തി പണിയാനുള്ള അവസ്ഥയിലാണ്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങൾക്ക് കൊടുക്കാനുണ്ടായിരുന്ന 26 കോടി രൂപ കൊടുത്തു. തിരുവനന്തപുരം ബസ് സ്റ്റേഷൻ പ്രൈവറ്റ് കമ്പനികളെ കൊണ്ട് സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ മാർബിൾ ഇട്ട് വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കേരളത്തിലെ മുഴുവൻ ബസ് സ്റ്റേഷനുകളും പെയിന്റ് അടിക്കുന്നതിന് രണ്ടു കോടി രൂപയുടെ ഓഫറുമായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ രംഗത്ത് വന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി മാറ്റി വച്ചിട്ടുള്ള 5 കോടി രൂപ എത്രയും വേഗം ധനകാര്യ വകുപ്പുമന്ത്രി റിലീസ് ചെയ്ത് തരികയാണെങ്കിൽ ബസ് സ്റ്റേഷനുകളുടെ മുഖച്ഛായ ഒരു വർഷം കൊണ്ട് മാറ്റിയെടുക്കാൻ കഴിയും. ലൈറ്റ്നിംഗ് എക്സ്പ്രസ് ലാഭകരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കോതമംഗലത്തുനിന്ന് തിരുവനന്തപുരത്തേക്ക് ലൈറ്റ്നിംഗ് എക്സ്പ്രസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതോടുകൂടി അഴിമതി ഒരു പരിധി വരെ കുറയ്ക്കാൻ കഴിയും. സ്വകാര്യ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും വഴി ടാക്സ് അടയ്ക്കാനുള്ള സംവിധാനം ആയിട്ടുണ്ട്. റോഡ് സുരക്ഷയുടെ ഭാഗമായി ഒരു അതോറിറ്റി രൂപീകരിക്കുന്നതോടുകൂടി അപകടങ്ങൾ കുറയ്ക്കാൻ കഴിയും. എമർജൻസി സീറ്റ് ഏർപ്പെടുത്തും. നോംസ് തെറ്റിച്ച് ആരെയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ ചുമതലയുള്ള ട്രാൻസ്പോർട്ട് കമ്മീഷണർക്ക് പരാതി കൊടുക്കാവുന്നതാണ്. തൃശൂർ ആർ.ടി.ഒ ആയിരുന്ന മുരളീധരനെ വിജിലൻസ് പിടിച്ചുവെന്ന് ടി.വി.യിൽ കണ്ടുകൊണ്ട് സസ്പെന്റ് ചെയ്യാൻ എനിക്ക് അധികാരമില്ല. വിജിലൻസ് റിപ്പോർട്ട് തരാതെ ഒരാളെ സസ്പെന്റ് ചെയ്യാൻ കഴിയുകയില്ല. കുറ്റക്കാരനാണെന്ന് കണ്ടാൽ സസ്പെന്റ്

ചെയ്യും. കോടതി വിധി വന്നപ്പോൾ, അയാളെ തൃശൂരിൽ അയയ്ക്കണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി. ബസുകൾ മാത്രം രജിസ്റ്റർ ചെയ്യുന്ന നാഷണലൈസ്ഡ് സെക്ടറിലേക്ക് മാറ്റി. സസ്പെന്റ് ചെയ്യാൻ നിർദ്ദേശം വന്ന നിമിഷം തന്നെ മുൻകാല പ്രാബല്യത്തോടെ സസ്പെന്റ് ചെയ്യാൻ ഉത്തരവായി. വ്യക്തിപരമായ താൽപര്യത്തിന്റെ പേരിൽ ഏതെങ്കിലും പത്രവാർത്തകളെ ആസ്പദമാക്കി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അടഞ്ഞു കിടക്കുകയും, ഡോക്ടർമാരില്ലാത്ത അവസ്ഥയുമായിരുന്നു. പല ആശുപത്രികളും പ്രവർത്തനരഹിതമായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഡോക്ടർമാരെ പി.എസ്.സി. മുഖാന്തിരവും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിക്കുന്നതിനുള്ള നടപടിയെടുത്തു. 1991 മുതൽ 2001 വരെ മരുന്ന് വാങ്ങിയ ഇനത്തിൽ കുടിശ്ശിക കൊടുക്കാനുണ്ടായിരുന്ന 91 കോടി രൂപ കൊടുത്തു തീർത്തു. എല്ലാ ആശുപത്രികളും പ്രവർത്തനോന്മുഖമായി മുന്നോട്ടു പോകുന്നു. മെഡിക്കൽ കോളേജുകളിലും ഡയറക്ടറേറ്റിലും ഹെൽത്ത് സർവ്വീസസിലുമായി 4871 ഡോക്ടർമാരുണ്ട്. ട്രാൻസ്ഫറും പോസ്റ്റിംഗുമൊക്കെ നോംസിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഏതെങ്കിലും അടിസ്ഥാനരഹിതമായ ആരോപണവുമായി ആരെങ്കിലും മുന്നോട്ടു വന്നാൽ നോംസ് വയലേറ്റ് ചെയ്തുവെന്ന് ബോദ്ധ്യപ്പെടുന്ന കേസുകളിൽ ഒരാഴ്ചയ്ക്കുള്ളിൽ അവരുടെ പേരിൽ നടപടിയെടുക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2 മെഡിക്കൽ കോളേജുകളും 3 ആയുർവേദ കോളേജുകളും 19 നേഴ്സിംഗ് കോളേജുകളും അനുവദിച്ചു. മന്ത്രി എന്ന നിലയിൽ സംസ്ഥാനത്തെ 44 ആശുപത്രികൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയെക്കുറിച്ച് മനസ്സിലാക്കി ചെയ്യാൻ കഴിയുന്ന സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. ഡോക്ടർമാരില്ലാത്ത ആശുപത്രികൾ ഏതൊക്കെയാണെന്ന് ഐഡന്റിഫൈ ചെയ്തുകഴിഞ്ഞാൽ ഉടനെ തന്നെ ഡോക്ടർമാരെ നിയമിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും സുതാര്യത ഉറപ്പു വരുത്തിക്കൊണ്ടുള്ള നീക്കങ്ങളാണ് ആരോഗ്യ വകുപ്പിൽ നടത്തുന്നത്. വിവിധ സംഘടനകളിൽ നിന്ന് പണം സ്വരൂപിച്ചുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വർദ്ധിപ്പിച്ച ചികിൽസാ ഫീസ് പിൻവലിച്ച് 1994-ലെ നിരക്കിൽ കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ 30% ആളുകൾക്ക് മാത്രമാണ് സൗജന്യ ചികിൽസ ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും സൗജന്യ ചികിൽസ നടപ്പാക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. 5 മെഡിക്കൽ കോളേജുകളിലും എം.എൽ.എ. മാരേയും എം.പി.മാരേയും എച്ച്. ഡി. സി. യിൽ മെംബർമാരാക്കാൻ തീരുമാനമെടുത്തു. ആശുപത്രികളോടനുബന്ധിച്ച് നടത്തുന്ന കെ.എച്ച്. ആർ.ഡബ്ളിയു.എസ്. ഉൾപ്പെടെയുള്ള പേവാർഡുകളും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ സ്ഥാപിക്കുന്ന പരിശോധനാ യന്ത്രസാമഗ്രികളുടെ കാര്യത്തിൽ ലാഭവിഹിതം തീരുമാനിക്കുന്നത് ആശുപത്രി വികസന സമിതിയാണ്. ഒരു കാലയളവിനുശേഷം അത് ആശുപത്രിയുടെ വകയായി മാറും. ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്കാണ് സൗജന്യ ചികിത്സ നൽകുന്നത്. അത് വിജയിപ്പിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. നാഷണൽ ഹൈവേയിലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ 15-ഓളം ട്രോമാ കെയർ ബൂത്തുകൾ റോട്ടറി ക്ളബ്ബിന്റേയും മറ്റും ആഭിമുഖ്യത്തിൽ ആരംഭിച്ചു. സ്വീഡനിലെ ഒരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർമാർ കേരളത്തിലേയ്ക്കും കേരളത്തിലെ ഡോക്ടർമാർ അങ്ങോട്ടും പോകുന്ന എക്സ്ചേഞ്ച് പ്രോഗ്രാമിന് ഗവൺമെന്റ് തുടക്കം കുറിച്ചുകഴിഞ്ഞു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കെട്ടിടം പണിക്കായി ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിരുന്ന രണ്ടരക്കോടി രൂപയ്ക്ക് പുറമെ 9 കോടി രൂപകൂടി അധികം കൊടുത്തുകൊണ്ട് അതിന്റെ പണി ത്വരിതഗതിയിൽ നടത്തിവരുന്നു. ആശുപത്രികളിൽ മരുന്നു സപ്ളൈ ചെയ്യുന്നതിനായി ഈ വർഷം ഏകദേശം 165 കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട്. 25000 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചു. ആ വകയിൽ 40 ലക്ഷം രൂപ ഖജനാവിൽ വന്നു. സെൻട്രൽ പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്യുന്ന കമ്പനികളെ മാത്രമേ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ. അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരമാണ് 7 കമ്പനികളെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. ഇപ്രാവശ്യം മരുന്നു വാങ്ങിയ വകയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 5 കോടി രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ട്. ഈ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമായതിനാൽ നിഷേധിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 70 വോട്ടുകളോടെയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 71 വോട്ടുകളോടെയും കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 69 വോട്ടുകളോടെയും ഗതാഗതം എന്ന XLI ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 71 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1. 55 -നു പിരിഞ്ഞു.

.......